II ഇ.ബി.XIV-കേരള നിയമസഭ/X-I

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഫെബ്രുവരി 26, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനം 2018 ഫെബ്രുവരി 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

(മട്ടന്നൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ് സെക്രട്ടറി ഷുഹൈബിന്റെയും മധു എന്ന ആദിവാസി യുവാവിന്റെയും കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

യു.ഡി.എഫ്. അംഗങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കാതിരുന്നതിനാൽ ഒന്നാമത്തെ ചോദ്യം പരിഗണനയ്ക്കെടുത്തില്ല.

1 (*2) അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, അങ്കണവാടികളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഒരു നിയോജകമണ്ഡലത്തിലെ ഒരു അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് നിലവിലെ സൗകര്യങ്ങൾക്ക് പുറമെ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച മാതൃകാ അങ്കണവാടികളെ 3 തലമുറകളുടെ സംഗമസ്ഥലമായി ഉയർത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം അങ്കണവാടി ജീവനക്കാരുടെ വേതനത്തിൽ സംസ്ഥാന സർക്കാർ വഹിക്കേണ്ട അനുപാതത്തിലുണ്ടായ വർദ്ധനവുമൂലം 35 ശതമാനത്തിന്റെ അധിക ബാധ്യത വഹിച്ച് വരികയാണെന്നും വരും വർഷങ്ങളിൽ സർക്കാർ ഇതിനായി അധികതുക കണ്ടെത്തേണ്ടതുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അങ്കണവാടികൾ മുഖേനയുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി അങ്കണവാടി വർക്കർമാർക്ക് ഐ.ആർ.ടി.സി. മുഖേന പരിശീലനം നൽകുന്നുണ്ട്. ജാതക്, ജനനി എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് 5 വയസ്സു വരെയുള്ള കുട്ടികളുടെ തൽസമയ നിരീക്ഷണം നടത്തി

വരികയാണെന്നും അങ്കണവാടികളുടെ സ്ഥാനം കണ്ടെത്തുന്നതിന് ജി.പി.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് ജിയോ ടാഗിംഗ് നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ഗുണനിലവാരവും ഗുണഭോക്താക്കളുടെ എണ്ണവും വർദ്ധിപ്പിക്കാൻ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളെ ഗ്രേഡ് ചെയ്യുന്നുണ്ട്. പ്രീസ്കൂൾ കുട്ടികൾക്ക് ECCE കരിക്കുലത്തിന് യോജിക്കുന്ന കളി ഉപകരണങ്ങൾ, മെഡിസിൻ കിറ്റ്, പ്രീ-സ്കൂൾ കിറ്റ്, ഫ്ലക്സി ഫണ്ട്, വൈവിദ്ധ്യമാർന്ന പോഷകാഹാരം, ശുദ്ധമായ കുടിവെള്ളം എന്നിവ ലഭ്യമാക്കാനും ശിശു സൗഹൃദ ടോയ്‌ലെറ്റുകൾ നിർമ്മിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പോഷണ വിദ്യാഭ്യാസ പരിപാടികളിൽ അമ്മമാരുടെയും കൗമാരക്കാരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ടെന്നും അങ്കണവാടി സേവനങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. നിർമ്മാണമേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും പ്രവർത്തിക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പകൽ സമയങ്ങളിൽ പരിപാലിക്കുന്നതിന് കൊച്ചിയിൽ ഐ.സി.ഡി.എസ്.-ന് കീഴിൽ പൈലറ്റ് അടിസ്ഥാനത്തിൽ മൊബൈൽ ക്രഷും സംഘടിത/അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകളുടെ കുട്ടികളെ പരിപാലിക്കുന്നതിന് സാമൂഹ്യക്ഷേമ ബോർഡ്, ശിശുക്ഷേമസമിതി എന്നിവ മുഖേന നാഷണൽ ക്രഷ് സ്കീമും

സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തിവരികയാണെന്നും മന്ത്രി വ്യക്തമാക്കി.

(യു.ഡി.എഫ്. അംഗങ്ങൾ ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 8.38-ന് സഭാനടപടികൾ നിർത്തിവച്ചു.)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 329 വരെയുള്ള ചോദ്യങ്ങളിൽ 49 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)